ഹദീസ്

ജഅ്ഫർ എളമ്പിലാക്കോട്

# വിശ്വാസിയും നിഷേധിയും തിരുദൂതരുടെ രണ്ട് ഉപമകൾ

عن كَعْب بن مالك رضي الله عنه قالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَثَلُ الْمُؤْمِنِ؛ كَمَثَلِ الْخَامَةِ مِن الزَّرْعِ، تُفَيِّئُهَا الرِّيحُ تَصْرَعُهَا مَرَّةً وَتَعْدِلُهَا أُخْرَى حَتَّى تَهِيجَ، وَمَثَلُ الْكَافِرِ؛ كَمَثَلِ الأَرْزَةِ الْمُجْذِيَةِ عَلَى أَصْلِهَا لاَ يُفِيئُهَا شَيْءٌ، حَتَّى يَكُونَ انْجِعَافُهَا مَرَّةً وَاحِدَةً

**കഅ്ബുബ്നു മാലികി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: 'ഒരു സത്യവിശ്വാസി കാറ്റത്തിളകുന്ന മൃദുല സസ്യം പോലെയാണ്. ചിലപ്പോൾ അത് കാറ്റേറ്റ് വളയുന്നു. ചിലപ്പോൾ നിവരുന്നു. ഇളകിയാടുന്നു. എന്നാൽ ഒരവിശ്വാസി ഇളക്കമേറ്റ ഒരു മരത്തെപ്പോലെയാണ്. അതിന്റെ വേരുകൾ ആഴത്തിൽ ഇറങ്ങിയിട്ടില്ല. ഒറ്റത്തവണ കാറ്റ് വീശിയാൽ തന്നെ അത് പിഴുതെറിയപ്പെട്ട് പോവുന്നു' (ഇമാം ബുഖാരി, മുസ്‌ലിം, തിർമിദി, നസാഈ, അഹ്മദ് തുടങ്ങിയവർ ഉദ്ധരിച്ചത്).**

ഐഹിക ജീവിതത്തെയും അതിൽ നിരന്തരം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെയും ഒരു വിശ്വാസി എപ്രകാരമാണ് നേരിടേണ്ടത് എന്ന് പഠിപ്പിക്കുന്ന ചേതോഹരമായ ഒരു തിരുവചനമാണിത്. പ്രശ്നങ്ങൾ നിറഞ്ഞതാണ് മനുഷ്യ ജീവിതം. പരീക്ഷണങ്ങളുടെ ചുടുകാറ്റ് എപ്പോഴും അവിടെ വീശിക്കൊണ്ടിരിക്കും. അപ്രതീക്ഷിതമായി ചെറുതും വലുതുമായ നിരവധി പ്രയാസങ്ങൾ ജീവിതത്തിലേക്ക് കടന്നുവരും. അത്തരം ഘട്ടങ്ങളിൽ തളർന്നുപോകാതെ അവയെ അഭിമുഖീകരിക്കുകയും മറികടക്കുകയുമാണ് വിശ്വാസി ചെയ്യേണ്ടത്. ഇക്കാര്യമാണ് ഉപമകളിലൂടെ റസൂൽ (സ) ഉണർത്തുന്നത്.

മണ്ണിൽ വളരുന്ന ചെറുസസ്യങ്ങൾ കാറ്റിനെ പ്രതിരോധിക്കുന്നത് എത്ര മനോഹരമായാണ്! വീശിയടിക്കുന്ന കൊടുങ്കാറ്റിൽ അവ ഒരിക്കലും പിഴുതെറിയപ്പെട്ടുപോവുന്നില്ല. കാറ്റിൽ ഉലഞ്ഞാടി, സ്വയം ചാഞ്ഞും ചെരിഞ്ഞും നിന്ന് അവ പിന്നെയും മണ്ണിൽ ബാക്കിയാവുന്നു. കാറ്റ് ശമിക്കുമ്പോഴേക്കും പതിയെ പൂർവാധികം ഉന്മേഷത്തോടെ അവ അന്തരീക്ഷത്തിലേക്ക് തല ഉയർത്തുന്നു. അതിനാൽ തന്നെ ദീർഘകാലം അവ നിലനിൽക്കുകയും ചെയ്യുന്നു.

പരീക്ഷണങ്ങളുടെ തീക്കാറ്റിൽ ഉരുകിയില്ലാതാവുകയല്ല; മറിച്ച് കൂടുതൽ കരുത്ത് നേടുകയാണ് വിശ്വാസി ചെയ്യുന്നത്. റസൂൽ (സ) ഓർമപ്പെടുത്തുന്നത് കാണുക: 'സത്യവിശ്വാസിയുടെ കാര്യം അതിശയകരം തന്നെ! അവന്റെ സർവ കാര്യങ്ങളും അവന് ഗുണപ്രദമാണ്. വിശ്വാസിക്കല്ലാതെ മറ്റാർക്കും ഈ സൗഭാഗ്യം ലഭ്യമല്ല. സന്തോഷകരമായ വല്ലതും അവന് കൈവന്നാൽ അവൻ അല്ലാഹുവിനോട് നന്ദി കാണിക്കുന്നു. അങ്ങനെ അതവന് നേട്ടമായി മാറുന്നു. ദോഷകരമായ വല്ലതുമാണ് ബാധിക്കുന്നതെങ്കിൽ അതിൽ അവൻ ക്ഷമയവലംബിക്കുന്നു. അതും അവന് ഗുണകരമായി ഭവിക്കുന്നു' (ബുഖാരി).

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞതിപ്രകാരം: 'ഒരു സത്യവിശ്വാസിക്ക് തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അങ്ങനെ ഒടുവിലവൻ പാപരഹിതനായി സ്വർഗത്തിൽ പ്രവേശിക്കും' (തിർമിദി).

വിശ്വാസത്തിന്റെ അഴകും സൗന്ദര്യവും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത നിഷേധിയായ മനുഷ്യനെ നബി (സ) ഉപമിച്ചിരിക്കുന്നത് മണ്ണിൽ വേരുകൾ ആഴ്ന്നിറങ്ങിയിട്ടില്ലാത്ത ഒരു വടവൃക്ഷത്തോടാണ്. അത്തരം വന്മരങ്ങൾ കാഴ്ചയിൽ ഏറെ മനോഹരവും ആകർഷകവുമായിരിക്കും. അന്തരീക്ഷം മുഴുവൻ പടർന്ന് പന്തലിച്ച് കിടക്കുന്നതിനാൽ നീണ്ടകാലം അവ എല്ലാറ്റിനെയും പ്രതിരോധിച്ച് നിലനിൽക്കുമെന്ന് ആർക്കും തോന്നിപ്പോകും. എന്നാൽ പുറമേക്ക് കാണുന്ന ഗാംഭീര്യവും തലയെടുപ്പുമെല്ലാം അകത്ത് ഒട്ടുമേ ഉണ്ടാവുകയില്ല. കാറ്റിനെതിരെ ചാഞ്ചാടിയാടാൻ കഴിയാത്തതിനാലും, നിശ്ചലമായി നിൽക്കുന്നതിനാലും അൽപം ശക്തിയിൽ കാറ്റ് വീശുമ്പോഴേക്കും മുരടടക്കം പറിഞ്ഞ്, വലിയ ശബ്ദത്തോടെ അത് മണ്ണിൽ ആപതിക്കുന്നു. അവിശ്വാസി അങ്ങനെയാണ്. പരീക്ഷണ പർവങ്ങളെ നേരിടാൻ കഴിയാതെ ഉള്ള് തകർന്ന് അവൻ വീണുപോവുന്നു. 'വല്ല വിപത്തും ബാധിക്കുമ്പോഴേക്കും മനംമടുത്തവനും കടുത്ത നിരാശനുമായി മാറിത്തീരുന്നു' (41: 49) എന്ന് ഖുർആൻ പറഞ്ഞത് അത്തരക്കാരെ കുറിച്ചാണ്.

ചെറിയ വേദനയോ പ്രയാസമോ ഉണ്ടാകുമ്പോഴേക്ക് എല്ലാം നഷ്ടപ്പെട്ടവനായി സ്വയം കരുതുകയും രോഗത്തെയും ചിലപ്പോൾ അല്ലാഹുവിനെ തന്നെയും ശപിക്കുകയും ചെയ്യുന്ന ആളുകളുണ്ട്. തങ്ങൾക്ക് വന്നുചേർന്ന വിധിയെ പഴിച്ച്, കരഞ്ഞ് കഴിഞ്ഞുകൂടുന്ന നിർഭാഗ്യവാന്മാരായ മനുഷ്യർ. ഹൃദയത്തിൽ വിശ്വാസം വേരുറക്കാത്ത അത്തരം ഹതഭാഗ്യരെ ഇരുത്തിച്ചിന്തിപ്പിക്കുന്നതു കൂടിയാണ് ആശയസമ്പുഷ്ടമായ ഈ തിരുവചനം. ●